ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പരീക്ഷാ നടത്തിപ്പിൽ കാലോചിതമായ പരിഷ്ക്കരണങ്ങൾ ഏർപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. UPSC ശതാബ്ദി ആഘോഷത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi urges timely reforms in exam administration; addresses UPSC centenary celebrations.**

2. സേനാവിഭാഗങ്ങൾക്കിടയിലെ പരസ്പര സഹകരണവും സംയോജനവും ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക ചട്ടക്കൂടിലും കൊണ്ടുവരണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh advocates inter-service cooperation and integration within the financial framework of the Defence Accounts Department.**

3. രാജ്യത്ത് ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ.

   **The Birth and Death Registration (Amendment) Act comes into effect across the country today.**

4. കേരളത്തിൻറെ വികസനത്തിൽ മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സേവനവും പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Chief Minister V. D. Satheesan states that the experience and services of senior citizens will be utilized for Kerala's development.**

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

   **Heavy rainfall likely across various districts in the state today; Orange Alert issued for Pathanamthitta, Kottayam, and Idukki districts.**

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്ന് രണ്ട് വെള്ളിയും, മൂന്ന് വെങ്കലവും. ഹോക്കിയിലും, ക്രിക്കറ്റിലും ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ കടന്നു.

   **India won two silver and three bronze medals at the Asian Games today; Indian men's hockey and cricket teams advanced to the finals.**

## PM – UPSC (INTRO)

2047-ലെ ഇന്ത്യ ഇന്നത്തെ ഇന്ത്യയിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യം പരിവർത്തനനത്തിന്റെ പാതയിൽ അതിവേഗം വളരുകയാണെന്നും, പരീക്ഷാ നടത്തിപ്പ് ചുമതലയുള്ള

സ്ഥാപനങ്ങൾ രാഷ്ട്രത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ പരിഷ്കരണ നടപടികൾ സ്വീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ ശതാബ്ദി ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ പുതിയ തൊഴിൽ സംസ്കാരവുമായി മുന്നേറുകയാണെന്നും, ജനക്ഷേമം മുൻനിർത്തിയുള്ള കാര്യക്ഷമമായ ഭരണനിർവ്വഹണമാണ് അതിന്റെ അടിസ്ഥാന തത്വമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

( വോയിസ്....)
1926-ലാണ് യു.പി.എസ്.സി രൂപീകൃതമായത്. യു.പി.എസ്.സി. ശതാബ്ദി സ്മരണാർത്ഥം തയ്യാറാക്കിയ നാണയവും, പ്രത്യേക സ്റ്റാമ്പും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു.

## REGISTRATION OF BIRTHS AND DEATHS

രാജ്യത്ത് ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമം ഇന്ന് മുതൽ പ്രാബല്യത്തിൽ. കാലതാമസം ഒഴിവാക്കുക, കൃത്യസമയത്ത് രജിസ്റ്റർ ചെയ്യാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമത്തിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. ഒരു വർഷത്തിന് ശേഷം എന്നാൽ, രണ്ട് വർഷത്തിനകം ജനനമോ മരണമോ റിപ്പോർട്ട് ചെയ്യാൻ, ജില്ലാ മജിസ്ട്രേറ്റ്, സബ്-ഡിവിഷണൽ മജിസ്ട്രേറ്റ്

അല്ലെങ്കിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എന്നിവരുടെ അനുമതി ആവശ്യമാണെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

## GOVT – SUGAR

രാജ്യത്ത് പഞ്ചസാര വ്യാപാരികൾക്കുള്ള സ്റ്റോക്ക് സംഭരണ കാലാവധി 15 ദിവസമായും, സ്റ്റോക്ക് പരിധി 1000 ക്വിന്റലായും നിജപ്പെടുത്തി. ഈ മാസം 15 മുതൽ നവംബർ വരെ നിയന്ത്രണം പ്രാബല്യത്തിലുണ്ടാകും. ഉത്സവ സീസണിലെ പൂഴ്ത്തിവയ്പ്പ് തടയുന്നതിനും ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നതിനുമായാണ് നടപടിയെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം അറിയിച്ചു.

## RAJNATH DEFENCE ACCOUNT(INTRO)

സേനാവിഭാഗങ്ങൾക്കിടയിലെ പരസ്പര സഹകരണവും സംയോജനവും ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക ചട്ടക്കൂടിലും നടപ്പിലാക്കേണ്ടതുണ്ടെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ പ്രതിരോധ അക്കൗണ്ട്സ് ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ 100 ശതമാനം ചെലവുകളും അക്കൗണ്ടുകളിൽ രേഖപ്പെടുത്തിയതായും

അക്കൗണ്ട്സ് വകുപ്പിന്റെയും സേനാവിഭാഗങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമാണീ നേട്ടമെന്നും അദ്ദേഹം

പറഞ്ഞു.

*( വോയിസ്...)*

❁❁❁❁❁❁❁❁❁❁❁❁❁

**JAISHANKAR-SRI LANKA**

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ശ്രീലങ്കയിലെ ഭരണകക്ഷിയായ ജനത വിമുക്തി പെരമുനയുടെ ജനറൽ സെക്രട്ടറി ടിൽവിൻ സിൽവയുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ സാമൂഹികമാധ്യമത്തിലൂടെ അറിയിച്ചു. ശ്രീലങ്കയുടെ പുരോഗതിക്കും സമൃദ്ധിക്കും ഇന്ത്യ എപ്പോഴും പിന്തുണ നൽകുമെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**KAUTILYA ECONOMIC CONCLAVE**

അഞ്ചാമത് കൗടില്യ ഇക്കണോമിക് കോൺക്ലേവ് ശനിയാഴ്ച മുതൽ ന്യൂഡൽഹിയിൽ ആരംഭിക്കും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ ധനമന്ത്രി നിർമല സീതാരാമൻ, വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, എന്നിവർ സംസാരിക്കും. 'മാറ്റങ്ങളുടെ യുഗത്തിലെ പ്രതിരോധശേഷി' എന്നതാണ് മൂന്ന് ദിവസം നീളുന്ന കോൺക്ലേവിന്റെ പ്രമേയം. 80 വിദേശ പ്രതിനിധികൾ ഉൾപ്പെടെ

നയരൂപീകരണ വിദഗ്ധരും സാമ്പത്തിക ശാസ്ത്രജ്ഞരും അടങ്ങുന്ന 180-ലേറെ പ്രമുഖർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA Sr. CITIZEN

കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിലും പുരോഗതിയിലും മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സേവനവും സജീവമായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ആദ്യമായി മുതിർന്ന പൗരന്മാർക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ച് കേരളം പുതിയ മാതൃക സൃഷ്ടിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## RAIN-KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ഇന്ന് രണ്ട് വെള്ളിയും, മൂന്ന് വെങ്കലവും കരസ്ഥമാക്കി. ഹോക്കിയിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ കടന്നു. പുരുഷ ക്രിക്കറ്റിലും ശ്രീലങ്കയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. 10 സ്വർണ്ണവും 22 വെള്ളിയും 32 വെങ്കലവും ഉൾപ്പെടെ ആകെ 64-മെഡലുമായി ഇന്ത്യ മെഡൽ പട്ടികയിൽ നിലവിൽ എട്ടാം സ്ഥാനത്താണ് .

## PM 25 YEARS – NATIONAL WAR(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. ദേശീയ യുദ്ധ സ്മാരകം, പോലീസ് സ്മാരകം തുടങ്ങിയവയെ കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്.

രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത സൈനികരോടുള്ള ആദര സൂചകമായി 2019 ജനുവരിയിലാണ് ദേശീയ യുദ്ധ സ്മാരകം ഇന്ത്യാ ഗേറ്റിന് സമീപം സ്ഥാപിതമായത്. 2018-ൽ പോലീസ് അനുസ്മരണ ദിനത്തോടനുബന്ധിച്ച് ദേശീയ പോലീസ് സ്മാരകം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ധീര സൈനികരുടെ പോരാട്ട വീര്യത്തിൻറെ

അടയാളമാണ് ഈ സ്മാരകങ്ങൾ എന്ന് പ്രധാനമന്ത്രി പറഞ്ഞു.

*(പിഎം വോയിസ് .....)*

❁❁❁❁❁❁❁❁❁❁❁❁❁

## MURUGAN- SWACHHATA HI SEVA

ന്യൂഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷനിൽ സംഘടിപ്പിച്ച 'സ്വച്ഛതാ ഹി സേവ' പരിപാടിയിൽ കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ പങ്കെടുത്തു. പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുന്നത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. 'ഏക് പേഡ് മാ കേ നാം' പദ്ധതിയുടെ ഭാഗമായി കാമ്പസിൽ അദ്ദേഹം വൃക്ഷ തൈ നട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## UAE-INVESTIGATION

ദുബായിൽ നിന്ന് ടെൽ അവീവിലേക്ക് പോയ ഫ്ലൈദുബായ് വിമാനത്തിലെ കോക് പിറ്റിലുണ്ടായ അക്രമത്തെ തുടർന്ന് വിമാനം സൗദിയിൽ അടിയന്തരമായി ഇറക്കിയ സംഭവത്തിൽ യു.എ.ഇ അറ്റോർണി ജനറൽ അന്വേഷണത്തിന് ഉത്തരവിട്ടു. യു.എ.ഇ രജിസ്ട്രേഷൻ വിമാനമായതിനാൽ ഭീകരാക്രമണ സാധ്യതയടക്കം പരിശോധിക്കാൻ രാജ്യത്തിന് നിയമപരമായ അധികാരമുണ്ട്. പരിക്കേറ്റിട്ടും അക്രമിയെ കീഴടക്കാൻ സഹായിച്ച് വൻ ദുരന്തം ഒഴിവാക്കിയ ഇന്ത്യൻ ക്യാപ്റ്റൻ

സ്ലിത് മച്ചാറിനെ യു.എ.ഇയിലെ ഇന്ത്യൻ സ്ഥാനപതിയും കോൺസൽ ജനറലും അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JOSHI – CLEANLINESS DRIVE

–

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ വിദ്യാർത്ഥികൾ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി . ഡൽഹി സർവകലാശാലയിൽ 'ശ്രം ദാൻ' ശുചിത്വ യജ്ഞം പരിപാടിയിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം . കുറഞ്ഞത് അര മണിക്കൂറെങ്കിലും ശുചികരണ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ അദ്ദേഹം വിദ്യാർത്ഥികളോട് നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## BANK HOLIDAY – FAKE NEWS

പൊതുമേഖലാ ബാങ്കുകൾക്ക് എല്ലാ ശനിയാഴ്ചകളും പൊതു അവധിയായി പ്രഖ്യാപിച്ചെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ധനമന്ത്രാലയം അത്തരമൊരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധനാ വിഭാഗം വ്യക്തമാക്കി.

## SPECIAL GRAM SABHA – GANDHI JAYANTI

ഗാന്ധി ജയന്തിയോടനുബന്ധിച്ച് നാളെ രാജ്യത്തുടനീളം പ്രത്യേക ഗ്രാമസഭകൾ ചേരും. സബ് കി യോജന, സബ് ക വികാസ് പരിപാടിയുടെ ഉദ്ഘാടനവും നടക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുക, പൊതു സേവനങ്ങൾ മെച്ചപ്പെടുത്തുക, ഗ്രാമീണ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നിവ സംബന്ധിച്ച ചർച്ചകളും നടക്കും .

## NPS DIWAS– CEA

ദേശീയ പെൻഷൻ പദ്ധതി ലളിതമാക്കാനും, വരുമാന പദ്ധതികൾ ഉറപ്പാക്കാനും നടപടിയുണ്ടാകുമെന്ന് ചീഫ് ഇക്കണോമിക് അഡ്വൈസർ വി. അനന്ത നാഗേശ്വരൻ. പെൻഷൻ, ഇൻഷുറൻസ് മേഖലകളിൽ ജനങ്ങളുടെ നിക്ഷേപം കുറവായതിനാലാണ് നടപടി. ജനങ്ങൾ തങ്ങളുടെ സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് പെൻഷൻ പദ്ധതികളിലേക്ക് മാറ്റണമെന്ന് അദ്ദേഹം നിർദേശിച്ചു. 'എൻ.പി.എസ് ദിനം 2026' ആഘോഷങ്ങളുടെ ഭാഗമായി ഡൽഹിയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.